"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

അഗ്നിരക്ഷാസേവനം - കാസറഗോഡ് അഗ്നിരക്ഷാനിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പ്രസ്തുത സ്ഥലത്ത് സ്ഥിതി ചെയ്യുന്ന 13 ക്വാർട്ടേഴ്സുകൾ പൊളിച്ചുമാറ്റി പുനരുപയോഗ വസ്തുകൾ MSTC മുഖേന ലേലം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**ആഭ്യന്തര(എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1412/2026/HOME തീയതി,തിരുവനന്തപുരം, 22-04-2026

---

പരാമർശം:-
1. ഫയർ & റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 27.02.2026 ലെ FIREHQ/311/2026-ID നമ്പർ കത്ത്.
2. സ.ഉ(സാധാ) നം.354/2025/ആഭ്യന്തരം തീയതി
3. സ.ഉ(എം.എസ്) 32/2019/ആഭ്യന്തരം തീയതി 07.03.2019

**ഉത്തരവ്**

കാസറഗോഡ് അഗ്നിരക്ഷാ നിലയത്തോടനുബന്ധിച്ചുള്ള 21 ക്വാർട്ടേഴ്സ് കെട്ടിടങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് 'അൺഫിറ്റ്' സർട്ടിഫിക്കറ്റ് നല്കിയിട്ടുള്ളതും ഇവയിൽ 8 എണ്ണം പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊളിച്ച മാറ്റിയിരുന്നു. ബാക്കി 3 ബ്ലോക്കുകളിലായുള്ള 12 ക്വാർട്ടേഴ്സുകളും വേറിട്ട് നിൽക്കുന്ന ഒരു ക്വാർട്ടേഴ്സും ഉൾപ്പെടെ 13 ക്വാർട്ടേഴ്സ് പൊളിച്ച മാറ്റുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പ് കാസർഗോഡ് ജില്ല കെട്ടിട ഉപവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ 3,01,566 രൂപയുടെ (മൂന്ന് ലക്ഷത്തി ആയിരത്തി അഞ്ഞൂറ്റി അറുപത്തിയാറ് രൂപാ) സർവ്വേ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും, മതിപ്പ് വില മൂന്ന് ലക്ഷം രൂപയ്ക്ക് മുകളിലായതിനാൽ പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ച മാറ്റി പുനരുപയോഗ വസ്തുകൾ MSTC മുഖേന ലേലം ചെയ്യുന്നതിനുള്ള അനുമതി നല്കണമെന്നും ഫയർ &റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കാസറഗോഡ് അഗ്നിരക്ഷാ നിലയത്തോടനുബന്ധിച്ചുള്ള, പൊളിച്ച മാറ്റാൻ അവശേഷിക്കുന്ന, അപകടാവസ്ഥയിലുള്ള 3 ബ്ലോക്കുകളിലായുള്ള 12 ക്വാർട്ടേഴ്സുകളും വേറിട്ട് നിൽക്കുന്ന ഒരു ക്വാർട്ടേഴ്സും ഉൾപ്പെടെ 13 ക്വാർട്ടേഴ്സുകൾ നിലവിലുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് പൊളിച്ചുമാറ്റി പുനരുപയോഗ വസ്തുകൾ MSTC മുഖേന ലേലം ചെയ്യുന്നതിനുള്ള അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU T S
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ ജനറൽ, കേരള അഗ്നിരക്ഷാ സേവന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ratheesh G R
Date: 22-04-2026 15:40:30
സെക്ഷൻ ഓഫീസർ